**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ സജിത് സെബാസ്റ്റ്യൻ (**Dr Sajith Sebastian**), അസിസ്റ്റന്റ് സർജൻ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. എ1/8003/2017/ജിമെആ കാഞ്ഞങ്ങാട് തീയതി 30.05.2017
2. കാരണം കാണിക്കൽ നോട്ടീസ് ഇഎ4- 47108/2017 തീയതി 01.07.2017
3. ഡോ സജിത് സെബാസ്റ്റ്യൻ (Dr Sajith Sebastian)സമർപ്പിച്ച അപേക്ഷ തീയതി 16.07.2017
4. കത്ത് നം ഇഎ4- 47108/2017/ആവഡ തീയതി 22.04.2019
5. കാരണം കാണിക്കൽ നോട്ടീസ് DHS/10000/2025-EA4 തീയതി 14.08.2025
6. ഡോ സജിത് സെബാസ്റ്റ്യൻ (Dr Sajith Sebastian)സമർപ്പിച്ച അപേക്ഷ തീയതി 06.09.2025
7. സർക്കുലർ നം എ3/570/2018/ആകുവ തീയതി 29.12.2018
8. സർക്കുലർ നം എ3/570/2018/ആകുവ തീയതി 22.11.2019
9. എം2/268/2024/ഹെൽത്ത് തീയതി 27.05.2024
10. എ2/411/2024/ഹെൽത്ത് തീയതി 23.12.2024

**ഉത്തരവ് നം. DHS/10000(3)/2025-EA4 തീയതി.01-01-2026**

ഡോ സജിത് സെബാസ്റ്റ്യൻ (**Dr Sajith Sebastian**), **10.01.2017** ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കാസർഗോഡ് കാഞ്ഞങ്ങാട്

ജില്ലാ ആശുപത്രിയിൽ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ / അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ 08.03.2017 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. പരാമർശം (4) പ്രകാരം ഡോ സജിത് സെബാസ്റ്റ്യൻ (Dr Sajith Sebastian) ടി നോട്ടീസിന് മറുപടി സമർപ്പിച്ചു. അപകടത്തെ തുടർന്ന് ചികിത്സ തുടരുകയാണെന്നും ഉപരിപഠനത്തിന് പ്രവേശനം ലഭിച്ചതായും ടി അപേക്ഷയിൽ പരാമർശിച്ചു. പഠനാവശ്യത്തിനുള്ള അവധി അപേക്ഷ (28.03.2017 മുതൽ മൂന്ന് വർഷകാലയളവിലേയ്ക്കുള്ള) ഉചിതമാർഗ്ഗേന അടിയന്തരമായി ലഭ്യമാക്കുന്നതിന് പരാമർശം (4) പ്രകാരം കത്ത് നൽ കി. ഡോ സജിത് സെബാസ്റ്റ്യൻ (Dr Sajith Sebastian) അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിനാൽ പരാമർശം (5) പ്രകാരം വീണ്ടും കാരണം കാണിക്കൽ നോട്ടീസ് നൽകി. പരാമർശം (6) പ്രകാരം ടിയാൾ മറുപടി സമർപ്പിക്കുകയും ചെയ്തു. വിദേശത്ത് ചികിത്സയിലാണെന്നും ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം ദീർഘകാല വിശ്രമവും ചികിത്സയും ആവശ്യമാണെന്നും നിലവിൽ ചുമതല ഏറ്റെടുക്കുന്നതിന് കഴിയാത്ത സാഹചര്യമാണെന്നും ആരോഗ്യ സ്ഥിതി മെച്ചപ്പെട്ടതിന് ശേഷം മാത്രമേ തൊഴിൽ ബാധ്യതകൾ ഏറ്റെടുക്കാനാകൂ എന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

(2). ഡോ സജിത് സെബാസ്റ്റ്യൻ (Dr Sajith Sebastian) സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. വ്യക്തിപരമായ കാരണങ്ങളാലാണ് ടിയാൾ സേവനത്തിൽ നിന്നും വിട്ടു നിന്നതെന്ന് കാണുന്നു. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നത് ടിയാളുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതിനെ ന്യായീകരിക്കുന്നതിനാവശ്യമായ വാദമുഖങ്ങൾ ഉന്നയിക്കുന്നതിന് ടിയാൾക്ക് കഴിഞ്ഞിട്ടില്ല ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ജീവനക്കാർക്ക് തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് പരാമർശം (7),

(8) (9) പ്രകാരം  സർക്കാർ അവസരം നൽകിയിരുന്നതാണ്. പ്രസ്തുത അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നില്ല. ടി സാഹചര്യത്തിൽ പരാമർശം (6) പ്രകാരം ഡോ സജിത് സെബാസ്റ്റ്യൻ (Dr Sajith Sebastian) സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ 08.03.2017 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ സജിത് സെബാസ്റ്റ്യൻ (Dr Sajith Sebastian) അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ സജിത് സെബാസ്റ്റ്യൻ (Dr Sajith Sebastian) അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 01-01-2026 10:24:28

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Sajith Sebastian,**

**Neeruvelil House, Nedumala P O,**

**Koovappally, Kottayam-686578.**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കാസർഗോഡ്

3. സൂപ്രണ്ട്,
ജില്ലാ ആശുപത്രി കഞ്ഞങ്ങാട്, കാസർഗോഡ്.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ